സെക്രട്ടേറിയറ്റിൽ തീർപ്പാകാനുള്ള ഫയലുകൾ

3 (3) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) 2000-മാണ്ട് മേയ്മാസം 31-ാം തീയതിയിലെ കണക്ക് അനുസരിച്ച് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഓരോ വകുപ്പിലും എത്ര ഫയൽ വീതം പെൻഡിംഗായിട്ടുണ്ട്;

(ബി) ഇവയിൽ 6 മാസത്തിൽ താഴെയും 6 മാസം മുതൽ ഒരു വർഷം വരെയും ഒരു വർഷം മുതൽ രണ്ടു വർഷം വരെയും രണ്ടു വർഷത്തിനു മുകളിലും തീർപ്പാകാത്ത എത്ര ഫയലുകളുണ്ട്;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2000 മേയ് മുപ്പത്തിയൊന്ന് വരെ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാർക്കും എത്ര നിവേദനങ്ങൾ വീതം കിട്ടിയിട്ടുണ്ട്; ഈ കാലഘട്ടത്തിൽ മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും എത്ര ഫയലുകളിൽ തീരുമാനമെടുത്തിട്ടുണ്ട്?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

മന്ത്രിമാരുടെ വിദേശയാത്ര

4 (4) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ട്;

(ബി) മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയും എത്ര പ്രാവശ്യം വീതം വിദേശ പര്യടനം നടത്തിയിട്ടുണ്ട്;

(സി) ഈ വിദേശ പര്യടനങ്ങളിൽ അവരോരുത്തരും ഏതെല്ലാം രാഷ്ട്രങ്ങൾ സന്ദർശിച്ചു;

(ഡി) മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും നടത്തിയ വിദേശ പര്യടനത്തിന്റെ ഉദ്ദേശമെന്തായിരുന്നു;

(ഇ) ഈ പര്യടനങ്ങളുടെ ഫലമായി ഉദ്ദേശങ്ങൾ എത്രമാത്രം സാക്ഷാൽക്കരിക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ.....സി) 1. മുഖ്യമന്ത്രി ; 5 പ്രവശ്യം

അമേരിക്ക,ജർമ്മനി, നെതർലാന്റ്, യു.എ.ഇ., കാനഡ, ഫ്രാൻസ്, ഇറ്റലി, ദോഹ,ഒമാൻ, മസ്കറ്റ്, അബുദാബി, ദുബായ്,കുവൈറ്റ്

LIBRARY ARCHIVES Kerala Legislative Assembly

2. ശ്രീ. പി. ജെ. ജോസഫ് : 5 പ്രവാശ്യം

ജർമ്മനി, റോം, യു.കെ, അമേരിക്ക, ബഹറൈൻ, കുവൈറ്റ്, ജർമ്മനി, നെതർലാന്റ്, സ്വിറ്റ്സർലാന്റ്, യു.എ.ഇ.,ഇറ്റലി, ദോഹ, ദുബായ്

3. ശ്രീ.ടി. കെ. രാമകൃഷ്ണൻ : 4 പ്രവാവശ്യം

ജർമ്മനി, യു.കെ. കുവൈറ്റ്. അമേരിക്ക

4. ശ്രീ.പിണറായി വിജയൻ(മുൻ മന്ത്രി) : 3 പ്രാവശ്യം

കാനഡ, ഫ്രാൻസ്, ഇറ്റലി, ചൈന, സിംഗപ്പൂർ, അമേരിക്ക

5. ശ്രീ. എ. സി. ഷൺമുഖദാസ് (മുൻ മന്ത്രി) : ഒരു പ്രവാശ്യം

അമേരിക്ക

6. ശ്രീ. കെ. രാധാകൃഷ്ണൻ : ഒരു പ്രാവശ്യം

ക്യൂബ

7. ശ്രീ. കെ. ഇ. ഇസ്മയിൽ : 3 പ്രാവശ്യം

ഖത്തർ (ദോഹ), യു.എ.ഇ., കുവൈറ്റ്, ദുബായ്, അബുദാബി

8. ശ്രീ. പി. ആർ. കുറുപ്പ് (മുൻ മന്ത്രി) : ഒരു പ്രാവശ്യം

അമേരിക്ക, ജർമ്മനി, നെതർലാന്റ്, സ്വീഡൻ

9. ശ്രീമതി സുശീലാ ഗോപാലൻ : 3 പ്രാവശ്യം

ഈജിപ്ത് (കെയ്റോ), വിയറ്റ്നാം (ഹാനോയ്) ദുബായ്, അബുദാബി, മസ്കറ്റ്

10. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : 2 പ്രാവശ്യം

അബുദാബി, ദുബായ്, ദോഹ, ഇസ്രായേൽ

11. ശ്രീ. ടി. ശിവദാസമേനോൻ : ഒരു പ്രാവശ്യം

അബുദാബി, ദുബായ്, ദോഹ, ബഹറൈൻ, കുവൈറ്റ്, മസ്കറ്റ്

(ഡി) വ്യത്യസ്ത വികസന മേഖലകളിൽ കേരളത്തിന്റെ ഉന്നതിയായിരുന്നു ലക്ഷ്യം.

(ഇ) തിട്ടപ്പെടുത്തിയിട്ടില്ല.

മന്ത്രിമാരുടെ വിദേശ യാത്രയ്ക്ക് ചെലവായ തുക

5 (5) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly